# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

(ഹാജർ : ശ്രീമതി അനുപമ.റ്റി.വി, ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്)

വിഷയം : സാമൂഹ്യ നീതി വകുപ്പ് - ഐ.സി.പി.എസ് - 2017 സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് - കോട്ടയം തിരുവഞ്ചൂർ ഗവ ചിൽഡ്രൻസ് ഹോം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: 17.01.2017-ൽ ചേർന്ന ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 47.

## ഉത്തരവ് നമ്പർ ICPS 2/8611/2017 തീയതി :18/02/2017

സാമൂഹ്യ നീതി വകുപ്പിലെ ബാലനീതി സ്ഥാപനങ്ങളിലെ കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് 2017 ഏപ്രിൽ ആദ്യവാരം കോട്ടയം തിരുവഞ്ചൂർ ഗവ ചിൽഡ്രൻസ് ഹോമിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഫെസ്റ്റിന്റെ സുഗമമായ നടത്തിപ്പിനായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കുട്ടികളെ താഴെ പറയുന്ന ഗ്രൂപ്പുകളായി തിരിച്ച് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേക മത്സരം നടത്താവുന്നതാണ്.

   1. സബ് ജൂനിയർ - 10 വയസ്സിനു താഴെ
   2. ജൂനിയർ - 10-നും 14 നും ഇടയിൽ
   3. സീനിയർ - 15 ന് മുകളിൽ

2. 1.1.2017 വച്ചാണ് പ്രായം കണക്കാക്കുക.
3. കുട്ടികളുടെ പ്രായം സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർ നടത്തേണ്ടതാണ്.
4. താഴെ പറയുന്ന ഇനങ്ങളിലാണ് മത്സരങ്ങൾ നടത്തുന്നത്.

| | | | |
|---|---|---|---|
| 1 | പദ്യപാരായണം | 11 | മിമിക്രി |
| 2 | നാടൻ പാട്ട് | 12 | പെൻസിൽ സ്കെച്ച് |
| 3 | ലളിതഗാനം | 13 | പെയിന്റിംഗ് |
| 4 | സംഘഗാനം | 14 | ക്ലേ മോഡലിംഗ് |
| 5 | മാപ്പിളപ്പാട്ട് | 15 | കഥ പറയൽ |
| 6 | നാടോടി നൃത്തം | 16 | പ്രസംഗം |
| 7 | തിരുവാതിരക്കളി | 17 | കഥയെഴുത്ത് |
| 8 | ഒപ്പന | 18 | കവിതയെഴുത്ത് |
| 9 | ഗ്രൂപ്പ് ഡാൻസ് | 19 | ലേഖനം എഴുത്ത് |
| 10 | ഫാൻസി ഡ്രസ്സ് | 20 | സ്കിറ്റ് |

5. മത്സരങ്ങളിൽ രണ്ടാമതായി ഉൾക്കൊള്ളിച്ചിരുന്ന നാടൻപാട്ട് സംഘമായിട്ടാണ് ആലപിക്കേണ്ടത്.
6. 15-ാമതായി ഉൾക്കൊള്ളിച്ചിട്ടുള്ള കഥ പറയൽ സബ്ജൂനിയർ വിഭാഗങ്ങൾക്ക് മാത്രമായിരിക്കും.
7. 20-ാമത്തെ ഇനമായ സ്കിറ്റിന് ഓരോ ഗ്രൂപ്പിനും 10 മിനിട്ട് സമയം മാത്രമേ അനുവദിക്കുകയുള്ളൂ.
8. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പെയിന്റിംഗിനോടൊപ്പം പെൻസിൽ സ്കെച്ച് എന്ന ഇനം കൂടി ഉണ്ടായിരിക്കും.

PTO

9. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടി പെയിന്റിംഗ്, ലളിതഗാനം, സംഘഗാനം, സംഘനൃത്തം, ഫാൻസി ഡ്രസ്സ് എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടത്തുന്നതാണ്.

10. ഓരോ കുട്ടിക്കും ഗ്രൂപ്പ് ഇനങ്ങൾ ഒഴികെ മുകളിൽ പറഞ്ഞ ഏതെങ്കിലും 3 ഇനങ്ങളിൽ മത്സരിക്കാവുന്നതാണ്.

11. സിംഗിൾ ഇനത്തിന് 5 മിനുട്ടും, ഗ്രൂപ്പ് ഇനത്തിന് 8 മിനുട്ടും (സ്കിറ്റിന് ഒഴികെ) വരെ സമയം അനുവദിക്കുന്നതാണ്.

12. സ്ഥാപന തലത്തിൽ സ്ക്രീനിംഗ് നടത്തി മികച്ച പ്രകടനം നടത്തുന്ന കുട്ടികളെ കണ്ടെത്തി സ്റ്റേറ്റ് ഫെസ്റ്റിൽ പങ്കെടുപ്പിക്കേണ്ടതാണ്.

13. ഒരു ഇനത്തിൽ ഒരു സ്ഥാപനത്തിൽ നിന്നും ഒരു കുട്ടിയെ/ടീമിനെ മാത്രമേ പങ്കെടുപ്പിക്കാവൂ.

14. സ്ഥാപനത്തിലെ ജീവനക്കാരേയും, മത്സരത്തിൽ പങ്കെടുക്കാത്ത കുട്ടികളേയും, ചിൽഡ്രൻസ് ഫെസ്റ്റിൽ കാണികളായി പങ്കെടുപ്പിയ്ക്കാവുന്നതാണ്.

15. ഓരോ സ്ഥാപനത്തിൽ നിന്നും പങ്കെടുക്കുന്ന ഇനങ്ങൾ, ഓരോ ഇനത്തിലും പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം, സ്ഥാപനത്തിൽ നിന്നും ഫെസ്റ്റിൽ കാണികളായി പങ്കെടുക്കുന്ന കുട്ടികളുടേയും, ജീവനക്കാരുടേയും എണ്ണം എന്നിവ സംബന്ധിച്ച വിവരം കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആയത് സമർപ്പിക്കേണ്ട തീയതി പിന്നീട് അറിയിക്കുന്നതാണ്.

16. ചിൽഡ്രൻസ് ഫെസ്റ്റിൽ പങ്കെടുപ്പിക്കുന്ന കുട്ടികൾക്കും ജീവനക്കാർക്കും ഭക്ഷണം, താമസസൗകര്യം എന്നിവ ഒരുക്കുന്നതാണ്.

17. ഫെസ്റ്റിനെ പറ്റി കുട്ടികളുടെ സ്മരണകൾ ഉൾക്കൊള്ളിച്ച് ഒരു സ്മരണിക തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഫെസ്റ്റിനു ശേഷം കുട്ടികളുടെ അനുഭവങ്ങൾ ശേഖരിച്ച് സ്മരണികയിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട സൂപ്രണ്ടുമാർ കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

18. ഓരോ സ്ഥാപനത്തിൽ നിന്നും കൊണ്ടുവരുന്ന കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്ന കാര്യം അതാത് സ്ഥാപന സൂപ്രണ്ടുമാരും, കെയർടേക്കർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

19. കുട്ടികളുടെ പരിശീലനത്തിന് ആവശ്യമായി വരുന്ന തുക സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള കണ്ടിജൻസി ഇനത്തിൽ നിന്നും വഹിക്കാവുന്നതാണ്.

20. ഫെസ്റ്റിൽ പങ്കെടുക്കുന്ന കുട്ടികളുടെയും ജീവനക്കാരുടെയും യാത്രാചെലവ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള മിസേല്ലേനിയസ് ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്.

ചിൽഡ്രൻസ് ഫെസ്റ്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്നവരുമായി ബന്ധപ്പെടാവുന്നതാണ്.

| നമ്പർ | ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ | ഫോൺ നമ്പർ/ മൊബൈൽ നമ്പർ |
|---|---|---|
| 1 | ജില്ലാ സാമൂഹ്യ നീതി ഓഫീസർ<br>കോട്ടയം | 0481-2563980 |
| 2 | സീനിയർ സൂപ്രണ്ട് (In charge)<br>ജില്ലാ സാമൂഹ്യ നീതി ഓഫീസ്<br>കോട്ടയം | 9447153143 |
| 3 | ശ്രീ. പ്രമോദ്<br>ജൂനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യ നീതി ഓഫീസ്<br>കോട്ടയം | 9447153143 |
| 4 | ശ്രീ. മോഹനൻ<br>സൂപ്രണ്ട്<br>ഗവ ചിൽഡ്രൻസ് ഹോം<br>തിരുവഞ്ചൂർ, കോട്ടയം | 0481-2770530<br>മൊബൈൽ നമ്പർ : 9447363557 |

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർ
ആൻഡ് മെമ്പർ സെക്രട്ടറി

<u>പകർപ്പ്</u>

1. എല്ലാ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും
2. എല്ലാ സ്പെഷ്യൽ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും.
3. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
4. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
5. എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും
6. സ്റ്റോക്ക് ഫയൽ
7. സ്പെയർ കോപ്പി

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്